**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 877** **30-06-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ.കെ. അക്ബർ</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിയ്ക്കുന്നതിനായി ഗുരുവായൂർ മണ്ഡലത്തിൽ ഏതൊക്കെ ക്ഷേത്രങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;</td><td>(എ)</td><td>ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ എന്നിവയുടെ നവീകരണത്തിനായി ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന ക്ഷേത്രങ്ങൾക്ക് സർക്കാർ ഗ്രാന്റിന്റെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡ് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>
<table>
<tr><td>ക്ഷേത്രം</td><td>വർഷം</td><td>അനുവദിച്ച തുക</td></tr>
<tr><td>എളവള്ളി ദുർഗ്ഗാഭഗവതി ക്ഷേത്രം</td><td>2014-15</td><td>4,00,000/-</td></tr>
<tr><td>എളവള്ളി ദുർഗ്ഗാഭഗവതി ക്ഷേത്രം</td><td>2017-18</td><td>1,00,000/-</td></tr>
<tr><td>മണികണ്ഠേശ്വരം ക്ഷേത്രം</td><td>2014-15</td><td>40,000/-</td></tr>
<tr><td>പറമ്പന്തളി മഹാദേവക്ഷേത്രം</td><td>2014-15</td><td>40,000/-</td></tr>
<tr><td>ഗോവിന്ദപുരം മഹാവിഷ്ണു ക്ഷേത്രം</td><td>2014-15</td><td>40,000/-</td></tr>
<tr><td>മരുതയൂർ ദുർഗ്ഗാഭഗവതി ക്ഷേത്രം</td><td>2017-18</td><td>20,000/-</td></tr>
</table></td></tr>
<tr><td>(ബി)</td><td>സർക്കാർ/ ദേവസ്വം ബോർഡിലേയ്ക്ക് സമർപ്പിയ്ക്കേണ്ട അപേക്ഷ ഫോറം, മറ്റു രേഖകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td><td>(ബി)</td><td>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ നവീകരണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുന്നതിനായി 09/05/2014-ലെ സ.ഉ(കയ്യെഴുത്ത്).നം.185/2014-റവ നമ്പർ ഉത്തരവ്, 20/05/2017-ലെ 107/ദേവ2/2017/റവന്യൂ നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളമാനദണ്ഡങ്ങളും അപേക്ഷാ ഫോറവും അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ (ദേവസ്വം) വകുപ്പ് - ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണ പദ്ധതി - സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് അപേക്ഷ സ്വീകരിക്കുന്നതിനുള്ള നിബന്ധനകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ദേവസ്വം) വകുപ്പ്**

**സ.ഉ.(കൈയ്യ) നം. 185/2014/ആർഡി** **തിരുവനന്തപുരം, തീയതി, 09/05/2014.**

പരാമർശം: 1) സ.ഉ.(കൈയ്യ.) നം. 128/2012/ആർഡി തീയതി, 29/03/2012.
2) 03/02/2014 -ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം

## ഉത്തരവ്

ക്ഷേത്രങ്ങളുടെ അധീനതയിലുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി പരാമർശം ഒന്ന് ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതിയും അപേക്ഷ സമർപ്പിക്കുന്നതിന് നിബന്ധനകളും പുറപ്പെടുവിച്ചിരുന്നു. ടി വിഷയത്തെ സംബന്ധിച്ച് പരാമർശം രണ്ട് പ്രകാരം കൂടിയ യോഗത്തിൽ പരാമർശ ഉത്തരവിനോടനുബന്ധിച്ച് പുറപ്പെടുവിച്ച നിബന്ധനകളിൽ ഭേദഗതി വരുത്തണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്നു പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും അനുബന്ധമായി ചേർത്തതു പ്രകാരം നിബന്ധനകളിൽ ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ. ജ്യോതിലാൽ,**
**സെക്രട്ടറി.**

കമ്മീഷണർ, തിരുവിതാംകൂർ/മലബാർ/കൊച്ചിൻ ദേവസ്വം ബോർഡ്.
റവന്യൂ വകുപ്പ് / തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
(പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## നിബന്ധനകൾ

1) ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടിമാറ്റാൻ പാടുള്ളതല്ല.

2) കുളങ്ങൾ നവീകരിക്കുന്നതിനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ ആ ക്ഷേത്ര കുളങ്ങൾ ഭക്തജനങ്ങൾ ഉപയോഗിക്കുന്നവയാണെന്ന് ഉറപ്പുവരുത്തണം.

3) ഒരു കുളത്തിൻെറ നവീകരണത്തിന് ചെലവ് 30 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

4) കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കുകയും അവയ്ക്ക് ഭീഷണി നേരിടുന്ന ഘടകങ്ങളെ പ്രതിരോധിക്കാനുമായിരിക്കണം ശ്രമിക്കേണ്ടത്. Least Invasive approach ആയിരിക്കണം കാവുകളുടെ സംരക്ഷണത്തിൽ അവലംബിക്കേണ്ടത്. നവീകരണ പ്രക്രിയകൾ കാവുകളിൽ നിലവിലുള്ള ആചാരങ്ങളിൽ ഇടപെടാൻ പാടില്ല. കാവുകളുടെ സംരക്ഷണത്തിന് ചെലവിടാനുള്ള തുക പരമാവധി 5 (അഞ്ച്) ലക്ഷം രൂപയായി നിജപ്പെടുത്തുന്നതാണ്.

5) ആൽത്തറകളുടെ സംരക്ഷണത്തിന് പരമാവധി 2 ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്.

6) ദേവസ്വം ബോർഡിൻെറ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതി പ്രകാരം പരിഗണിക്കേണ്ടതാണ്.

7) ദേവസ്വം ബോർഡിൻെറ ഉടമസ്ഥതയിലുള്ള ക്ഷേത്രക്കുളം/കാവുകൾ/ആൽത്തറകൾ എന്നിവ പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട ദേവസ്വം ബോർഡുകളുടെ എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കി ദേവസ്വം ബോർഡിൻെറ അംഗീകാരത്തോടെ സമർപ്പിക്കേണ്ടതാണ് സ്വകാര്യ ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്മേൽ നിയന്ത്രണമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരി അംഗീകരിച്ച് ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്

8) കാവുകൾ/കുളങ്ങൾ/ആൽത്തറകൾ എന്നിവ ഏതെങ്കിലും ക്ഷേത്രത്തിനോട് ചേർന്നതാണെന്നുള്ള സർട്ടിഫിക്കറ്റ് ദേവസ്വം ബോർഡ് സബ് ഗ്രൂപ്പ് ഓഫീസർ/ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ തലവൻ നൽകേണ്ടതാണ്

9) പണിയുടെ പുരോഗതി വിലയിരുത്തി സഹായധനം രണ്ടോ, മൂന്നോ ഗഡുക്കളായി നൽകേണ്ടതാണ്

10) പദ്ധതിയുടെ പുരോഗതി അതാത് ദേവസ്വത്തിൻെറ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ (Empowered Officer) അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ ബന്ധപ്പെട്ട ഓഫീസ് തലവൻ വിലയിരുത്തേണ്ടതും, തുക വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് സമർപ്പിക്കേ ണ്ടതുമാണ്.

11) അനുവദിച്ച തുക ഉപയോഗിച്ച ശേഷം ബാക്കി തുക ലഭ്യമാണെങ്കിൽ സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

12) ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷ അതാത് ദേവസ്വം ബോർഡുകളിൽ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ എല്ലാ വർഷവും ജൂൺ 30-ാം തീയതിക്ക് മുൻപ് സമർപ്പിക്കേണ്ടതും അപേക്ഷയും അനുബന്ധരേഖകളും അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ജൂലൈ 31-നകം സമർപ്പിക്കേണ്ടതുമാണ്.

13) സർക്കാർ അംഗീകരിച്ചു നൽകുന്ന പണി മാത്രമേ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാ അപേക്ഷാ ഫാറത്തിൽ ഈ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

14) ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രക്കുളം/കാവ്/ആൽത്തറ നവീകരണത്തിന് അനുവദിക്കുന്ന തുകയുടെ ബിൽ റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി കൗണ്ടർ സൈൻ ചെയ്ത് അതാത് ദേവസ്വം ബോർഡ് കമ്മീഷണർമാർക്ക് നൽകും. ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്ത സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ ബിൽ അതാതു തദ്ദേശ സ്വയംഭരണ മേധാവി റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറിക്ക് നൽകേണ്ടതും പ്രസ്തുത ബിൽ കൗണ്ടർ സൈൻ ചെയ്ത് തദ്ദേശ സ്വയംഭരണ മേധാവിയെ ഏൽപ്പിക്കേണ്ടതും, തദ്ദേശ സ്വയംഭരണ മേധാവി പ്രസ്തുത ബിൽ മാറി തുക ക്ഷേത്ര അഡ്വൈസറി കമ്മിറ്റി/ബെനിഫിഷ്യറി കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതുമാണ്. പണി നടത്തിക്കുന്നതിനുള്ള ചുമതല അതാത് ക്ഷേത്രങ്ങളോട് ചേർന്നുള്ള ടെമ്പിൾ അഡ്വൈസറി കമ്മിറ്റി/ ബെനിഫിഷ്യറി കമ്മിറ്റിക്കും ആയിരിക്കും



Generated from eOffice by SUDARSANAN A., SG-ASST (DEV3)REV, SG-ASST (DEV3)REV, RD on 28/06/2022 12:07 PM

സംസ്ഥാനത്തെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണത്തിനുള്ള ധനസഹായത്തിനായുള്ള അപേക്ഷ

**അപേക്ഷാ ഫോറം**

1. അപേക്ഷകന്റെ പേരും മേൽവിലാസവും :
2. ക്ഷേത്രത്തിന്റെ പേര് , ഏത് ദേവസ്വം ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുന്നു :
3. സ്വകാര്യ ക്ഷേത്രം/ട്രസ്റ്റ്/കുടുംബ ക്ഷേത്രം വിശദാംശങ്ങൾ :
4. ഏത് പ്രവർത്തിക്കുള്ള (കാവ്/കുളം/ആൽത്തറ) ധനസഹായത്തിനാണ് അപേക്ഷിക്കുന്നത് :

   (എ) ജില്ല–താലൂക്ക്–വില്ലേജ് :

   (ബി) ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ളതാണ് :

   (സി) മൊത്തം അടങ്കൽ തുക :

   (ഡി) അപേക്ഷിക്കുന്ന തുക :

5. മുൻപ് നവീകരണം നടത്തിയിട്ടുണ്ടോ :

   (എ) ഉണ്ടെങ്കിൽ വർഷം,മാസം, ചെലവാക്കിയ തുക :

   (ബി) സഹായധനം നൽകിയ ഏജൻസി :

സത്യവാങ്മൂലം

മുകളിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ സത്യമാണെന്നും നിബന്ധനകൾ അംഗീകരിക്കുന്നുവെന്നും ഉറപ്പുനൽകുന്നു

സ്ഥലം:
തീയതി:

അപേക്ഷകന്റെ ഒപ്പ്



Generated from eOffice by SUDARSANAN A., SG-ASST (DEV3)REV, SG-ASST (DEV3)REV, RD on 28/06/2022 12:07 PM

File No.REV-DEV2/107/2017-REV

കേരള സർക്കാർ

നം : 107/ദേവ. 2/2017/റവന്യ.

റവന്യ (ദേവസ്വം)വകുപ്പ്
തിരുവനന്തപുരം ,
തീയതി: 20/05/2017

സർക്കുലർ

വിഷയം റവന്യ (ദേവസ്വം)വകുപ്പ്- ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കാവുകൾ ,കുളങ്ങൾ ആൽത്തറകൾ തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1.സ.ഉ(എം.എസ്)നം.128/2012/ആർ.ഡി തീയതി,29/03/2012
2.സ.ഉ(എം.എസ്)നം.185/2014/ആർ.ഡി തീയതി,09/05/2014

ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കാവുകൾ,കുളങ്ങൾ ആൽത്തറകൾ തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനുള്ള ധന സഹായം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നു.

1) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെയും അതതു ബോർഡിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കാവുകൾ,കുളങ്ങൾ ആൽത്തറകൾ തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനുള്ള അപേക്ഷകൾ സ്വീകരിച്ച് പരിശോധിച്ച് എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നവ മാത്രം ക്രോഡീകരിച്ച് ലിസ്റ്റ് തയ്യാർ ചെയ്ത് അതതു ദേവസ്വം ബോർഡുകളിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് ആയത് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ് .ഈ നിർദ്ദേശം കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡ് കമ്മീഷ്ണർമാർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മുൻ വർഷങ്ങളിൽ ഇതേ ആവശ്യത്തിനനുവദിച്ച തുക TSB അക്കൌണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ളത് ഉടനെ ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ക്രോഡീകരിച്ച് ഹാജരാക്കേണ്ടതാണ് .ചെലവഴിക്കാത്ത തുക മുമ്പ് തുക അനുവദിച്ചിട്ടുള്ള അനുയോജ്യരായ മറ്റ് അപേക്ഷകർക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നൽകാവുന്നതാണെങ്കിൽ ആയതിനുള്ള പ്രത്യേക അനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡ് കമ്മീഷ്ണർമാർ സ്വീകരിക്കേണ്ടതാണ്.

3) ഈ 3 നിർദ്ദേശങ്ങൾ ഒഴികെ ഇതിന് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള മേൽ

File No.REV-DEV2/107/2017-REV

സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

**K.R.JYOTHILAL, SECY (DEV) REV, O/o Secretary Revenue (Devaswom)**

തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡ് കമ്മീഷ്ണർമാർക്കും
ഡയറക്ടർ പഞ്ചായത്ത് വകുപ്പ് ,തിരുവനന്തപുരം (എല്ലാ പഞ്ചായത്തുകൾക്കു നൽകുന്നതിന് )
ഡയറക്ടർ നഗരകാര്യ വകുപ്പ് ,തിരുവനന്തപുരം (എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾക്കും നൽകുന്നതിന്)
ഡയറക്ടർ ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പ്.
ധനകാര്യവകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Y